# മൂശാരിയേട്ടു ശാഖ

പൈലോക്കാരണവുടെ മൂത്തമകൻ തോമ്മാ പിതൃഭവനമായ മൂശാരിയേട്ടു താമസമാക്കി. പൊതുവേ ശാന്തസ്വഭാവക്കാരനായിരുന്ന അദ്ദേഹം നല്ലൊരു ദൈവഭക്തനും കൃഷിക്കാരനുമായിരുന്നു. കടപ്ലാമറ്റം പള്ളി ഇടവക മാറിടം കരയിൽ തൊണ്ണാനായിൽ വർക്കിയുടെ മകൾ റോസ്സയെ വിവാഹം ചെയ്തു. 1104 മേടമാസം 8-ാം തീയതി തോമ്മായും 1115 കർക്കിടക മാസം 9-ാം തീയതി റോസയും ഇഹലോകവാസം വെടിഞ്ഞു. ഈ ദമ്പതികൾക്കു 7 മക്കളുണ്ടായി. 4 ആണും 3 പെണ്ണും.

| | | |
|---|---|---|
| 1 ഏലി | 2 മറിയാമ്മ | 3 പൈലോ |
| 4 വർഗീസ് | 5 ജോസഫ് | |
| 6 അന്നമ്മ | 7 തോമ്മാ | |

## 1 ഏലി :

കടപ്ലാമറ്റം പള്ളി ഇടവക പെരുമ്പാമ്പള്ളിയേൽ (വാരണാക്കുഴി) കുടുംബത്തിൽ മത്തായി വിവാഹം ചെയ്തു. ഏലിയും ഭർത്താവ് മത്തായിയും നിര്യാതരായി.

## 2 മറിയാമ്മ :

മരങ്ങോലിപ്പള്ളി ഇടവക കുപ്പേൽ വീട്ടിൽ ഔത വിവാഹം ചെയ്തു. മറിയാമ്മയും ഭർത്താവ് ഔതയും നിര്യാതരായി.

## 3 പൈലോ :

കുറുമ്പേച്ചൻ എന്നു വിളിക്കുന്ന പൈലോ 1880 ൽ ജനിച്ചു. വളരെ ശാന്തനും സൽസ്വഭാവിയുമായിരുന്ന അദ്ദേഹത്തിനു പൂർവ്വികരിൽ നിന്നു കൈമാറിക്കിട്ടിയ ചികിത്സാവിധികൾ വശമായിരുന്നു. മഞ്ഞപ്പിത്തം തുടങ്ങിയ അന്നത്തെ മാരകമായ അസുഖങ്ങൾ ഒറ്റമൂലിമരുന്നുകൊണ്ട് അദ്ദേഹം ഭേദപ്പെടുത്തുമായിരുന്നു. മരങ്ങോലികരയിൽ കുപ്പേൽ ഔസേപ്പിന്റെ മകൾ അന്നയെ വിവാഹം ചെയ്തു. തന്റെ വീതപ്രകാരം ലഭിച്ച വാഴപ്പൻകുന്നേൽ പുരയിടത്തിൽ താമസിച്ചു. കൃഷിയിലും കച്ചവടത്തിലും വ്യാപൃതനായിരുന്ന അദ്ദേഹം പെട്ടന്നൂണ്ടായ അസുഖം മൂലം 25.12.1942 ൽ ഇഹലോകവാസം വെടിഞ്ഞു. കൂടല്ലൂർപ്പള്ളി സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.


പിന്നീടു കുടുംബ ഭരണം വളരെ സമർത്ഥമായി കൈകാര്യം ചെയ്തതു ഭാര്യ അന്നയാണ്. ബുദ്ധിസാമർത്ഥ്യത്തിലും കഴിവിലും അവർ മറ്റുള്ളവരെക്കാൾ മുൻപന്തിയിലായിരുന്നു. വാർദ്ധക്യസഹജമായ അസുഖം മൂലം 1978 ജനുവരി മാസം 20-ാം തീയതി കാരിത്താസ് ആശുപത്രിയിൽ നിര്യാതയായി. ശവസംസ്കാരം കൂടല്ലൂർ പള്ളി സെമിത്തേരിയിൽ നടത്തി. ഈ ദമ്പതികൾക്ക് ഒരാണും നാലു പെൺമക്കളുമുണ്ടായി.

**1 റോസമ്മ 2 മറിയാമ്മ 3 തോമസ്**
**4 ത്രേസ്യാമ്മ 5 ഏലിക്കുട്ടി**

**1. റോസമ്മ** : കുഞ്ഞറോത എന്നു വിളിക്കുന്ന റോസമ്മയെ കാണക്കാരി (കോട്ടയ്ക്കുപുറത്ത്) ഞാറത്തടത്തിൽ എൻ. ജെ. വർക്കി വിവാഹം ചെയ്തു. പെട്ടന്നുണ്ടായ അസുഖം മൂലം1986 സെപ്തംബർ 21-ാം തിയതി നിര്യാതയായി.റോസമ്മയുടെ ഭർത്താവ് എൻ.ജെ വർക്കി 2001 ഒക്ടോബർ 8-ാം തിയതി നിര്യാതനായി. ഇരുവരെയും കോട്ടയ്ക്കുപുറം ആനമല പള്ളിസിമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് 4 ആണും 1 പെണ്ണുമാണുള്ളത്.

**2. മറിയാമ്മ** : കാപ്പൂന്തലക്കരയിൽ വടകരവീട്ടിൽ ജോസഫ് വിവാഹം ചെയതു ഇവർക്ക് 4 ആണും 3 പെണ്ണുമാണുള്ളത്. എല്ലാവരും അമേരിക്കയിൽ താമസിക്കുന്നു. മിറയാമ്മ 7.4.2000 ത്തിലും

ജോസഫ് 6.5.2006 ലും നിര്യാതരായി ശവസംസ്കാരം കാപ്പുംതല ഫാത്തിമമാതാ പള്ളി സെമിത്തേരിയിൽ നടത്തി.



മൂശാരിയേട്ട്
എം. പി. തോമസ്

**3. തോമസ്** : കുഞ്ഞ് എന്നു വിളിക്കുന്ന തോമസ് 1925ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബിസ്സിനസ്സ് പരമായി ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്.തോമസിന്റെ സഹോദരി ത്രേസ്യാമ്മയുടെ ഇളയ മകൻ എം.സി എബ്രാഹം (സണ്ണി) 2003 മുതൽ അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുത്ത് തറവാട്ടിൽ താമസിച്ചു വരവെ തോമസ് 2009 ഏപ്രിൽ 9-ാം തിയതി നിര്യാതനായി. ശവസംസ്കാരം കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരി കുടുംബക്കല്ലറയിൽ നടത്തി. എം.സി എബ്രാഹം (സണ്ണി) 1966 ഡിസംബർ 1-ാം തിയതി കട്ടപ്പനയിൽ ജനിച്ചു. ബിരുദപഠനത്തിനുശേഷം കട്ടപ്പനയിൽ ബിസിനസ് നടത്തി വരുന്നു. 1989 ഓഗസ്ററ് 30-ാം തിയതി തൊപ്പിപ്പാള കരയിൽ വിഴിക്കിപ്പാറ ജോസ്-കുട്ടിയമ്മ ദമ്പതികളുടെ മകളായ ആഷയെ വിവാഹം ചെയ്തു. എം.സി എബ്രാഹം (സണ്ണി) മറ്റപ്പള്ളിൽ എന്ന വീട്ടുപേരിൽ കടപ്പൂര് താമസിക്കുന്നു. ഇവർക്ക് ഒരാണും രണ്ടു പെൺകുട്ടികളുമാണുള്ളത്.



മറ്റപ്പള്ളിൽ എം. സി. എബ്രാഹവും കുടുംബവും
മാതാവ് ത്രോസ്യാമ്മയോടൊപ്പം

1. **നേഹ മരിയ സണ്ണി** – 16.3.2000 ൽ ജനിച്ചു. നസ്രത്ത്ഹിൽ ഡിപോൾ സ്കൂളിൽ പത്താം ക്ളാസിൽ പഠിക്കുന്നു.

2. **കിരൺ സണ്ണി** – 1.05.2001 ൽ ജനിച്ചു നസ്രത്ത്ഹിൽ ഡിപോൾ സ്കൂളിൽ 9–ാം ക്ളാസിൽ പഠിക്കുന്നു.

3. **കാതറിൻ സണ്ണി** – 1.4.2004 ൽ ജനിച്ചു. നസ്രത്ത്ഹിൽ ഡിപോൾ സ്കൂളിൽ 6–ാം ക്ളാസിൽ പഠിക്കുന്നു.

**4. ത്രേസ്യാമ്മ** : മരങ്ങാട്ടുപള്ളി ഇടവക ആണ്ടൂർകരയിൽ മറ്റപ്പള്ളിൽ പാപ്പച്ചൻ വിവാഹം ചെയ്തു. പാപ്പച്ചൻ നല്ല കർഷകനും അദ്ധ്വാനശീലനുമായിരുന്നു. 65 വർഷം മുമ്പ് ഹൈറേഞ്ചിൽ കട്ടപ്പന എന്ന സ്ഥലത്തു സ്ഥിരതാമസമാക്കിയ പാപ്പച്ചൻ 1981 ജൂൺ 21 ന് നിര്യാതനായി. ഇവർക്ക് 3 ആണും 3 പെണ്ണും മക്കളായുണ്ട്. ത്രേസ്യാമ്മ മൂത്തമകൻ ജോസിനോടൊപ്പം കട്ടപ്പനയിൽ താമസിച്ചുവരുന്നു.

**5. ഏലിക്കുട്ടി** : കാഞ്ഞിരത്താനം പള്ളി ഇടവക പൂവക്കോട്ടു വീട്ടിൽ ലൂക്കാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് നാലാണും രണ്ടു പെണ്ണുമാണുള്ളത്. ലൂക്കാച്ചൻ 5.10.2005 ൽ നിര്യാതനായി.

## 4. വർഗ്ഗീസ് :

മൂശാരിയേട്ടു തോമ്മാ-റോസ്സ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായ വർഗീസ് നല്ല ഒരു കർഷകനായിരുന്നു. ചേർപ്പുങ്കൽകരയിൽ കോലന്നൂർ വീട്ടിൽ മത്തായി മകൾ ഏലിയെ വിവാഹം ചെയ്തു. വിവാഹാനന്തരം മറ്റപ്പള്ളിപ്പുരയിടത്തിൽ മാറിത്താമസിച്ചു. അവിടെനിന്നു വാഴൂരിലും കാഞ്ഞിരപ്പള്ളിയിലും ഉപ്പുതോട്ടിലും സ്ഥലം വാങ്ങി കൃഷി ചെയ്തു. 1959–ൽ ഉപ്പുതോട്ടിൽ വച്ച് വർഗ്ഗീസും 1980ൽ തട്ടേക്കണ്ണി ഇടവകയിൽ വച്ച് ഏലിയും നിര്യാതരായി. വർഗീസ് ഏലി ദമ്പതികൾക്ക് ഒരാണും നാലു പെണ്ണും മക്കളുണ്ടായി.

1. അന്നമ്മ 2. ഏലിക്കുട്ടി 3. മറിയാമ്മ
4. റോസമ്മ 5. തോമസ്

**1. അന്നമ്മ** : ഇരട്ടയാർ കരയിൽ പാറക്കടവിൽ ആന്റണി വിവാഹം ചെയ്തു. ഇവർക്ക് 7 ആണും ഒരു പെണ്ണുമാണുള്ളത്. ആന്റണി നിര്യാതനായി.

**2. ഏലിക്കുട്ടി** : കാഞ്ഞിരപ്പള്ളി താലൂക്കിൽ അഞ്ചലിപ്പ എന്ന കരയിൽ ചമ്പക്കര വീട്ടിൽ കുട്ടി എന്നു വിളിക്കുന്ന ജോസഫ് വിവാഹം ചെയതു. ഏലിക്കുട്ടി പെട്ടന്നുണ്ടായ അസുഖം മൂലം 1979 മെയ് മാസം 26-ാ ം തീയതി നിര്യാതയായി. ഇവർക്ക് 4 പെണ്ണും 1 ആണും മക്കളായുണ്ട്. ഏലിക്കുട്ടിയും ജോസഫും ജീവിച്ചിരിപ്പില്ല.

**3. മറിയാമ്മ :** തങ്കപ്പെണ്ണ് എന്നു വിളിക്കുന്ന മറിയാമ്മയെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചേനപ്പാടി കരയിൽ കടവിൽ ആന്റണി വിവാഹം ചെയ്തു. ആന്റണി രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന വ്യക്തിയും ഒരു നല്ല എഴുത്തുകാരനുമായിരുന്നു. ഇപ്പോൾ ഇടുക്കി ജില്ലയിൽ പടമുഖം എന്ന സ്ഥലത്തു താമസിക്കുന്നു. ആന്റണി നിര്യാതനായി ഇവർക്ക് 5 ആണും 3 പെണ്ണും മക്കളായുണ്ട്.

**4. റോസമ്മ :** പൊടിയമ്മ എന്നു വിളിക്കുന്ന റോസമ്മയെ ഇടുക്കി ജില്ലയിൽ പ്രകാശ് കരയിൽ പള്ളത്തുവീട്ടിൽ കുര്യാക്കോസ് വിവാഹം ചെയ്തു. ഇവർക്ക് 7 ആണും 3 പെണ്ണും മക്കളായുണ്ട്.

**5. തോമസ് :** വർഗിസിന്റെ ഏക മകൻ തോമ്മാച്ചൻ എന്നു വിളിക്കുന്ന തോമസ് പിതാവിന്റെ കാലടികളെ പിന്തുടർന്ന് ഒരു സ്ഥലത്തും സ്ഥിരതാമസമാക്കാതെ പല സ്ഥലങ്ങളിൽ മാറി മാറി താമസിക്കുന്നു. ഇപ്പോൾ ഇടുക്കി ജില്ലയിലെ ലോവർപെരിയാറിൽ തട്ടേക്കണ്ണി എന്ന സ്ഥലത്താണ്. കാഞ്ഞിരപ്പള്ളി താലൂക്കിൽ കൂവപ്പള്ളി കരയിൽ കൂരാപ്പട വീട്ടിൽ ചാക്കോ ത്രേസ്യാമ്മ മകൾ മേരിയെ വിവാഹം ചെയതു. തോമസ് 2010 നവംബർ 18-ാം തിയതി നിര്യതനായി. മൃതസംസ്കാരം തട്ടേക്കണ്ണി സെന്റ് ജോർജ്ജ് പള്ളിയിൽ നടന്നു. തോമസ് മേരി ദമ്പതികൾക്കു നാല് ആണും നാല് പെൺമക്കളുമുണ്ട്.

| | | |
|---|---|---|
| വർഗീസ് | എത്സമ്മ | ത്രേസ്യാമ്മ |
| അന്നമ്മ | ബ്രിജീത്ത | ജോസഫ് |
| ജേക്കബ് | സെബാസ്റ്റ്യൻ | |

**1. വർഗിസ് :** 1957 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. 1981 ൽ മുരിക്കാശ്ശേരി

കരയിൽ അമ്പലത്തിൽ വീട്ടിൽ സ്കറിയ എലിസബത്ത് മകൾ അന്ന മ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പെണ്ണും ഒരാണും മക്ക ളായുണ്ട്.

**1. ലിജി (മേരി) :** ലിജി 1981 മാർച്ച് 13 ന് ജനിച്ചു. എം.എ ബി. എഡ് പാസ്സായതിനുശേഷം മൂവാറ്റുപുഴ നിർമ്മല കോളേജിൽ അസി സ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. ലിജിയെ കൊഴുവനാൽ ഇടവക ഈപ്പച്ചൻ- ആലീസ് ദമ്പതികളുടെ മകൻ ജോജോ 2006 ഡിസംബർ 27 ന് വിവാഹം ചെയ്തു.ജോജോ കാഞ്ഞിരപ്പള്ളി എ. കെ.ജെ.എം സ്കൂളിൽ അദ്ധ്യാപകനാണ്. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

**2. ലിൻസി – ലിൻസി** എന്നു വിളിക്കുന്ന എലിസബത്ത് 1983 ഡിസംബർ 3 ന് ജനിച്ചു. ബി.ഫാം പഠനത്തിനു ശേഷം ഇരട്ടയാർ ഇടവക മഴുവൻചേരി ചാക്കോ–അന്നമ്മ മകൻ സണ്ണി 2003 ജൂലൈ 12 ന് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

**3. എൽദോസ് (തോമസ്) –** കണ്ണൻ എന്നു വിളിക്കുന്ന എൽദോസ് 1987 ഡിസംബർ 25 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസ ത്തിനുശേഷം ഇപ്പോൾ സ്വന്തമായി ടാക്സി സർവ്വീസ് നടത്തു ന്നു.

**2. എത്സമ്മ–** 1959 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1980 ൽ മുരിക്കാശ്ശേരി കരയിൽ അമ്പലത്തിൽ വീട്ടിൽ സ്കറിയ എലിസബത്ത് മകൻ ജോൺസൺ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്. ഇപ്പോൾ തട്ടേക്കണ്ണി എന്ന സ്ഥലത്ത് താമസിക്കുന്നു.

**3. ത്രേസ്യാമ്മ :** ഗ്രേസി എന്നു വിളിക്കുന്ന ത്രേസ്യാമ്മ 1961ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1980 ൽ ഉപ്പുതോടുക രയിൽ ഇഞ്ചയിൽ വീട്ടിൽ കുഞ്ഞിന്റെയും മറിയത്തിന്റെയും മകൻ മാത്യു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടാൺമക്കളാണു ള്ളത്.

**4. അന്നമ്മ :** സാലി എന്നു വിളിക്കുന്ന അന്നമ്മ 1964 ൽ ജനി ച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1984 ൽ തട്ടേക്കണ്ണി ഇട വക കൊല്ലം പറമ്പിൽ ദേവസ്യാ – ബ്രിജീത്ത മകൻ സെബാസ്റ്റ്യൻ

വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്. സെബാസ്റ്റ്യൻ 2007 ആഗസ്റ്റ് 2 ന് നിര്യാതനായി.

**5. ബ്രിജീത്ത :** സെലിൻ എന്നു വിളിക്കുന്ന ബ്രിജീത്ത 1968 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പനംകുട്ടി ഇടവക കണ്ടംകുളങ്ങരയിൽ കുര്യാച്ചൻ- മാമി ദമ്പതികളുടെ മകൻ റോയി വിവാഹം ചെയ്തു. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്. റോയി 2003 ജൂലൈ 13 ന് നിര്യാതനായി.

**6. ജോസഫ് :** സാബു എന്നു വിളിക്കുന്ന ജോസഫ് 1971 ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വെൺമണി ഇടവക മത്തച്ചൻ- കുട്ടിയമ്മ മകൾ ഷീജയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടാൺമക്കളാണുള്ളത്. ഇവർ വെൺമണിയിൽ താമസിക്കുന്നു.

1. മാത്തുക്കുട്ടി. (പൊന്നു)- പൊന്നു 2005 മാർച്ച് 31 ന് ജനിച്ചു. ഇപ്പോൾ 5-ാം ക്ളാസിൽ പഠിക്കുന്നു.

2. ജോസഫ് (ജോസുകുട്ടി)- ജോസുകുട്ടി 2010 മെയ് 3 ന് ജനിച്ചു. 1-ാം ക്ളാസിൽ പഠിക്കുന്നു.

**7. ജേക്കബ് :** 1973 ൽ ജനിച്ചു. ഹൈസകൂൾ വിദ്യാഭ്യാസത്തിനു ശേഷം ചേർത്തല കഞ്ഞിക്കുഴി എന്ന സ്ഥലത്ത് അഗതികളെ സംരക്ഷിക്കുന്ന മരിയൻ ദിവ്യകാരുണ്യ ആശ്രമം നടത്തുന്നു.

**8. സെബാസ്റ്റ്യൻ :** ജിനോ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 1975 ൽ ജനിച്ചു ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 2006 ജനുവരി 29 ന് പുളിങ്കട്ട ഇടവക പറമ്പുകാട്ടിൽ എലിസബത്തിനെ (ബീന) വിവാഹം ചെയ്തു. ഇവർക്ക് രണ്ടാൺമക്കളാണുള്ളത്.

## 5. ജോസഫ്

കുഞ്ഞേപ്പ് എന്നു വിളിച്ചുവരുന്ന ജോസഫ് തോമ്മാക്കാരണവരുടെ ആൺമക്കളിൽ മൂന്നാമനായിരുന്നു. തന്റെ വീതപ്രകാരം ലഭിച്ച മുതുകാട്ടോലിൽ പുരയിടത്തിൽ താമസിച്ചു. കൃഷികാര്യങ്ങൾക്കു പുറമെ നിലത്തെഴുത്തുകളരിയും നടത്തിയിരുന്നു. കുഞ്ഞേപ്പാശാനെ നാട്ടിൽ എല്ലാവർക്കും വളരെ താൽപര്യമായിരുന്നു. വിദ്യാഭ്യാസസൗകര്യങ്ങൾ തീരെ ഇല്ലായിരുന്ന അക്കാലത്ത്, നാരായമുനയിൽ കരിമ്പനയോലയിൽ എഴുതിയ അക്ഷരങ്ങളുമായി വീടുകൾ കയറിയിറങ്ങി കുട്ടികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു

നൽകിയിരുന്നു. ഒരു നല്ല ദൈവഭക്തനും ആയിരുന്നു. തന്റെ ഇളയ സഹോദരൻ തോമ്മായുമൊത്ത് ആണ്ടു തോറും ചെമ്പ്, അർത്തുങ്കൽ തുടങ്ങിയ പള്ളികളിൽ നടന്നു പോയി നേർച്ച കാഴ്ചകൾ അർപ്പിച്ചിരുന്നു. യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന തന്റെ താമസസ്ഥലത്തിനുടുത്ത് ഒരു കുരിശുപള്ളി എങ്കിലും ഉണ്ടായിക്കാണുവാനുള്ള ആഗ്രഹത്താൽ തന്റെ വക 5 സെന്റ് സ്ഥലം വെട്ടിമുകൾ പള്ളിക്കു ദാനം ചെയ്ത് അവിടെ ഒരു കുരിശും സ്ഥാപിച്ചു.

കാട്ടാമ്പാക്കു കരയിൽ ഓരിൽ കുര്യാക്കോ-മറിയം മകൾ ഏലിയെ വിവാഹം ചെയ്തു. 1970 - ഒക്ടോബർ മാസം 2-ാം തീയതി കുഞ്ഞേപ്പും 1980 ആഗസ്റ്റുമാസം 8-ാം തീയതി ഏലിയും വാർദ്ധക്യസഹജമായ അസുഖം മൂലം നിര്യാതരായി. കുഞ്ഞേപ്പിനെ വെട്ടിമുകൾ ഇടവകപള്ളി സെമിത്തേരിയിലും ഏലിയെ രത്നഗിരി ഇടവകപ്പള്ളി സിമിത്തേരിയിലും സംസ്കരിച്ചു. ഈ ദമ്പതികൾക്ക് 5 ആണും 2 പെണ്ണും മക്കളുണ്ട്.

| | | |
|---|---|---|
| 1 തോമസ് | 2 കുര്യൻ | 3 ദേവസ്യ |
| 4 പൗലോസ് | 5 വർക്കി | 6 റോസമ്മ |
| 7 മറിയാമ്മ | | |

**1. തോമസ്** : കുട്ടി എന്നു വിളിക്കുന്ന തോമസ് മരങ്ങോലി കരയിൽ മൂശാരിയേട്ടു വട്ടിൽ താമസിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷിയിൽ ഏർപ്പെട്ടു. കാഞ്ഞിരത്താനം പള്ളിയിടവക വെങ്ങിണിയ്ക്കൽ കുര്യൻ മകൾ എലിസബത്തിനെ വിവാഹം ചെയ്തു. തോമസ് എലിസബത്ത് ദമ്പതികൾക്കു ആറ് പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്.



മൂശാരിയേട്ട് എം.ജെ. തോമസും ഭാര്യ എലിസബത്തും (മരങ്ങോലി)

തോമസ് 9-1-2001 ൽ നിര്യാതനായി. ഏലിസബത്ത് 8-8-2012 ലും നിര്യാതയായി. ഇരുവരെയും മരങ്ങോലി സെൻ്റ് മേരീസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

| | | |
|---|---|---|
| 1 അന്നമ്മ | 2 റോസമ്മ | 3 ക്ലാരമ്മ |
| 4 കുര്യാച്ചൻ | 5 സെലിനാമ്മ | 6 മേരി |
| 7 ഫാദർ ജോസ് | 8 സിസ്റ്റർ ലിസ്സി | |

**1. അന്നമ്മ :** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പഞ്ചാബിൽ നേഴ്സിംഗ് പഠിച്ച് അവിടെ ജോലി ചെയ്യുന്നു. വിവാഹിതയായി കുടുംബസമേതം പഞ്ചാബിൽ താമസിക്കുന്നു. ഇവർക്ക് 2 ആണും 2 പെണ്ണും മക്കളായുണ്ട്.

**2. റോസമ്മ:** ചേച്ചമ്മ എന്നു വിളിക്കുന്ന റോസമ്മയെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവമ്പാടികരയിൽ പൈമറ്റത്തിൽ കുര്യാക്കോസ് വിവാഹം ചെയ്തു. അവരുടെ മകനാണ് ക്ലരീഷ്യൻ സഭാംഗമായ ഫാദർ റെജിമോൻ തോമസ്.

**3. ക്ലാരമ്മ :** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം രാജസ്ഥാനിൽ നഴ്സിംഗു പഠിച്ച് ബാർമർ എന്ന സ്ഥലത്തു ജോലി ചെയ്തു. അതിരമ്പുഴപള്ളി ഇടവക പുതുശ്ശേരിൽ വീട്ടിൽ വിൻസെൻ്റ് വിവാഹം ചെയ്തു. ഇപ്പോൾ കുടുംബസമേതം ശ്രീകണ്ഠമംഗലത്ത് താമസിക്കുന്നു. ഈ ദമ്പതികൾക്ക് 1 പെണ്ണും 1 ആണും മക്കളായുണ്ട്.

**4. കുര്യച്ചൻ:** കുര്യച്ചൻ എന്ന് വിളിക്കുന്ന സിറിയക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കാർഷികവൃത്തിയിൽ ഏർപെട്ട് താമസിക്കുന്നു. മുളക്കുളം കരയിൽ പെരിയപ്പുറത്ത് ഉലഹന്നൻ മറിയം മകൾ മേരിയെ (ശാന്തമ്മ) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും രണ്ടു പെൺമക്കളുമുണ്ട്.



മൂശാരിയേട്ട് കുര്യച്ചനും കുടുംബവും (മരങ്ങോലി)

1) തോമസ് 2) എലിസബത്ത് 3) കൊച്ചുത്രേസ്യാ

1. തോമസ് : റോജൻ എന്നു വിളിക്കുന്ന തോമസ് 1980-ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിന് ശേഷം കേരള വാട്ടർ അതോറിട്ടിയിൽ ജോലി ചെയ്യുന്നു. കുറവിലങ്ങാട് കരയിൽ നസ്രത്ത്ഹിൽ കുന്നത്തുകാട്ടിൽ ജോസ് ചിന്നമ്മ മകൾ റോസമ്മയെ (സ്മിത) വിവാഹം ചെയ്തു. റോസമ്മ ദേവമാതാ ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സ് ആയി ജോലി ചെയ്യുന്നു.

2. എലിസബത്ത് (സി. ലിസ) എലിസബത്ത് 24.8.1983 ൽ ജനിച്ചു. ഗവ. എൽ.പി. സ്കൂൾ മരങ്ങോലി ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസവും അമലഗിരി ബികെ കോളജിൽ നിന്നും പ്രീഡിഗ്രിയും പാസ്സായി. 1998ൽ അഡറേഷൻ കോൺവെന്റ് ചങ്ങനാശ്ശേരിയിൽ ചേർന്നു. അവിടെ നിന്നും 2004 ൽ വ്രതവാഗ്ദാനവും സഭാവസ്ത്രവും സ്വീകരിച്ചു. ഇപ്പോൾ സെന്റ് തോമസ് പ്രൊവിൻസ് കൂത്രപ്പള്ളിയിൽ സേവനം ചെയ്യുന്നു.


3. കൊച്ചു ത്രേസ്യാ : ദീപ എന്നു വിളിക്കുന്ന കൊച്ചു ത്രേസ്യാ 1985ൽ ജനിച്ചു. പ്ലസ്ടു വിദ്യാഭ്യാസത്തിനു ശേഷം നഴ്സിംഗ് പഠനം പൂർത്തിയാക്കി. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്നു. കോതനല്ലൂർ അന്നടിക്കൽ പീറ്റർ ലിസമ്മ ദമ്പതികളുടെ മകൻ ജിസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പെൺകുട്ടിയുണ്ട്.

**5. സെലീനാമ്മ :** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പഞ്ചാബിൽ നഴ്സിംഗ് പഠിച്ച് അവിടെ ജോലിചെയ്യുന്നു. വിവാഹിതയായ സെലീനാമ്മ കുടുംബസമേതം പഞ്ചാബിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് 1 പെണ്ണും 2 ആൺമക്കളുമുണ്ട്.

**6. മേരി :** ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽ നിന്ന് SSLC പാസ്സായി. രാജസ്ഥാനിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കി ബിൽവാഡ എന്ന സ്ഥലത്തു നഴ്സായി ജോലി ചെയ്യുന്നു. കൂരിൽ ആലാട്ടുകണ്ടം വീട്ടിൽ ജോയി മേരിയെ വിവാഹം ചെയ്തു. ഇവർക്ക് 1 പെണ്ണും 2 ആൺമക്കളുമുണ്ട്. കുടുംബസമേതം രാജസ്ഥാനിൽ താമസിക്കുന്നു.

**7. ഫാദർ ജോസ് :** 19.8.1959 ൽ ജനിച്ചു. ഗവൺമെന്റ് എൽ. പി. സ്കൂൾ മരങ്ങോലി, സെ. പീറ്റേഴ്സ് ഹൈസ്കൂൾ ഇലഞ്ഞി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം നടത്തി. 1975 ൽ SSLC പാസ്സായി.

1975 ജൂൺ 15-ാം തീയതി പാലാ കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു വൈദിക പഠനം നടത്തി. അതിനു ശേഷം 1978 ജൂൺ മാസം മുതൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നു ഫിലോസഫിയും തിയോളജിയും (തത്ത്വശാസ്ത്രപഠനവും, ദൈവശ്സ്ത്രപഠനവും) പഠിച്ച് 1985 ൽ വൈദികപഠനം പൂർത്തിയാക്കി.



ഫാ. ജോസ് മൂശാരിയേട്ട്

1985 ഡിസംബർ മാസം 30-ാം തീയതി ഇടവക ദേവാലയമായ മരങ്ങോലിപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയിൽ നിന്നു പൗരോഹിത്യം സ്വീകരിക്കുകയും കുടുംബ വൈദികരായ യശ.ശരീരനായ ഫാ. സെബാസ്റ്റ്യൻ, ഫാ. പോൾ മൂശാരിയേട്ട്, ഫാ. പോൾ തുണ്ടത്തിലേട്ട് എന്നിവരുടെ നേതൃത്വത്തിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

കടപ്ലാമറ്റം സെന്റ് മേരീസ് ദേവാലയത്തിൽ അസി. വികാരിയായി വൈദികജീവിതം ആരംഭിച്ചു. 1985 മുതൽ 1988 വരെ

ഇടവകയിൽ സ്തുത്യർഹമായ സേവനം അനുഷ്ടിച്ചു. അതിനു ശേഷം 1988 ഫെബ്രുവരി മുതൽ 1991 മെയ്മാസം വരെ പാലാ കത്തീഡ്രൽ പള്ളിയിൽ അസി. വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നിടു ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടുന്നതിനായി വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ പ്രവേശിച്ചു. 1991 മെയ് മുതൽ 1993 മെയ് വരെ അവിടെ നിന്നു ദൈവശാസ്ത്രത്തിൽ സഭാവിജ്ഞാനീയത്തിൽ MTH നേടി. മദ്ധ്യപ്രദേശിലെ സാറ്റ്നാ ജില്ലയിൽ സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളേജിൽ പ്രൊഫസറായി സേവനം അനുഷ്ഠിച്ചതിനു ശേഷം 1998ൽ ഉപരിപഠനാർത്ഥം റോമിലേക്കുപോയി. 2004ൽ ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി. ഇപ്പോൾ ജർമ്മനിയിൽ Augsburg രൂപതയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു.

മൂശാരിയേട്ടു കുടംബയോഗത്തിന്റെ രക്ഷാധികാരിയാണു ഫാ. ജോസ്. സ്ഥലത്തുള്ളപ്പോൾ എല്ലാ യോഗങ്ങളിലും സന്നിഹിതനായി കുടുംബക്കൂട്ടായ്മയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

**8 സിസ്റ്റർ ലിസ്സി** : 7.6.1963 ൽ ജനിച്ചു. മരങ്ങോലി ഗവ. എൽപിസ്കൂളിലും ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിലും സ്കൂൾ വിദ്യാഭ്യാസം നടത്തി. 1978ൽ SSLC പാസ്സായി. പ്രീഡിഗ്രി വിദ്യാഭ്യാസം കുറവിലങ്ങാട് ദേവമാതാ കോളേജിലും നടത്തി. 1980 നവംബർ മാസത്തിൽ സന്യാസാർഥിനിയായി കോട്ടയം അസ്സീസ്സി ഭവനിൽ ചേർന്നു. ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ഓൾ സെയിന്റ്സ് എന്നറിയപ്പെടുന്ന സഭയാണ്. അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ ചൈതന്യാനുസരണം ഇറ്റലിയിൽ സ്ഥാപിതമായതാണ് ഈ സഭ. സന്യാസപരിശീലനത്തോടൊപ്പം കോളേജ് പഠനവും നടത്തി. 1984 ഒക്ടോബർ 4ന് ആദ്യ വ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. 1986ൽ കോൺഗ്രിഗേഷന്റെ സ്ഥാപിതസ്ഥലമായ ഇറ്റലിയിലേക്കു സ്ഥലമാറ്റം ലഭിച്ചു. സഭയുടെ ആരംഭചൈതന്യത്തെക്കുറിച്ചു പഠിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്തു. 4 വർഷം റോമിൽ പഠനം പൂർത്തിയാക്കി 1992 ൽ കോട്ടയത്ത് അസ്സീസ്സി ഭവനിൽ തിരിച്ചെത്തി. 2011 ൽ അസ്സി. പ്രൊവിൻഷ്യൽ ആയി പ്രവർത്തിച്ചു. ഇപ്പോൾ കോട്ടയം അസ്സീസ്സി ഭവനിൽ സേവനം അനുഷ്ടിക്കുന്നു

**2) കുര്യൻ :** മൂശാരിയേട്ടു കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനായ ഇറ്റൻ എന്നു വിളിക്കുന്ന കുര്യൻ 24.2.1924 ൽ ജനിച്ചു ചെറുപ്രായത്തിൽ തന്നെ കേരളത്തിനു വെളിയിൽ ജോലി തേടിപോയതാണ്. ബോംബെ, അഹമ്മദാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ കമ്പനിജോലി ചെയ്തു. രണ്ടാം ലോക മഹായുദ്ധകാലത്ത് കുറെക്കാലം സിംഗപ്പൂരിൽ എത്തി ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്തു. വീണ്ടും തിരിച്ച് ബോംബെയിൽ എത്തി. ഈ അവസരത്തിൽ 1957ൽ ഇടക്കൊച്ചി മുണ്ടം വേലിക്കരയിൽ മാളിയേക്കൽ ജോസഫ് മർത്ത മകൾ മേരിയെ വിവാഹം ചെയ്തു. ബോംബെയിൽ ബാന്ദ്ര എന്ന സ്ഥലത്ത് ചാന്തിവാലാ മൈതാനത്തുള്ള സ്വന്തം ഫ്ളാറ്റിൽ താമസിച്ചുകൊണ്ട് ഇരുവരും ബിസ്സിനസ്സ്കാര്യങ്ങളിൽ വ്യാപൃതരായിരുന്നു. ഭാര്യ മേരി 22.5.1998ൽ മരിച്ചു. ഇറ്റൻ 15.2.2006ൽ മരിച്ചു. ഇവർക്ക് രണ്ടാണും മൂന്നുപെൺമക്കളുമുണ്ട്.



മൂശാരിയേട്ട് കുര്യൻ ജോസഫും ഭാര്യ മേരിയും (ബോംബെ)

1. സ്റ്റീഫൻ ആൻഡ്രൂ 2. ഡെയ്സി 3.ആലീസ്
4. ജോസഫ് 5. ഏലിയാമ്മ

**1. സ്റ്റീഫൻ ആൻഡ്രൂ** – കുടമാളൂർ പള്ളി ഇടവക കുമാരനെല്ലൂർ ഐക്കരക്കുന്ന് മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

1. എലിസബത്ത് 2. ആൻഡ്രൂ മെറ്റോ

1. എലിസബത്ത് – എലിസബത്തിനെ തിരുവനന്തപുരം പൂന്തുറ അനീഷ് വിവാഹം കഴിച്ചു.

2. ആൻഡ്രൂ മെറ്റോ – നെടുംകുന്നം പുത്തൻപുരയ്ക്കൽ സൂസനെ വിവാഹം കഴിച്ചു.

**2. ഡെയ്സി** – ഡെയ്സിയെ തൃശ്ശൂർ സ്വദേശി മൺകുഴി ഒറ്റനെല്ലൂർ ഇടവക ജോസഫ്–താണ്ട മകൻ ജോൺ വിവാഹം ചെയ്തു. ഇവർ ബോംബെയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടാൺമക്കളുണ്ട്.

**3. ആലീസ്** – ആലീസ് കുടമാളൂർ ഇടവക കുമാരനെല്ലൂർ മണ്ണാപറമ്പിൽ ബാബു വിവാഹം കഴിച്ചു. ഇവർക്ക് 2 പെണ്ണും ഒരാണും മക്കളായുണ്ട്.

**4. ജോസഫ് :** പാപ്പു എന്ന് വിളിക്കുന്ന ജോസഫ് 4.6.1958ൽ ബോംബെയിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ITC യിൽ ചേർന്നു വെൽഡർ ട്രെയിഡ് പാസ്സായി. ആദ്യം ബഹറിനിലും പിന്നീട് ഇസ്രായേലിൽ ഒരു മിലിട്ടറി വർക്ക്ഷോപ്പിലും വെൽഡർ ആയി ജോലി ചെയ്തു. ഇപ്പോൾ ബാന്ദ്രായിൽ താമസിക്കുന്നു. 1986 ജൂൺ മാസം 10–ാം തീയതി കുറുമുള്ളൂർ കരയിൽ തെക്കേടത്ത് ചാക്കോ മേരി മകൾ മറിയാമ്മയെ വിവാഹം ചെയ്തു. പാപ്പു എന്നു വിളിക്കുന്ന ജോസഫ് മറിയാമ്മ ദമ്പതികൾക്ക് 3 പെൺമക്കളാണുള്ളത്. ജനിഫർ, ഷാരൺ, ക്രിസ്റ്റീന



മൂശാരിയേട്ട് ജോസഫ് കുര്യനും കുടുംബവും (ബോംബെ)

1. മേരി: . ജനിഫർ എന്നുവിളിക്കുന്ന മേരി 11-04-1987 ൽ ജനിച്ചു. നേഴ്സിംഗ് പഠനത്തിന് ശേഷം വിവാഹിതയായി.

2. എലിസബത്ത്: ശരൽ എന്നു വിളിക്കുന്ന എലിസബത്ത് 29-07-1991 ൽ ജനിച്ചു. ബി.എസ്.സി. നഴ്സിംഗ് പാസായി. ജോലി നോക്കുന്നു.


3. ക്രിസ്റ്റീന : ക്രിസ്റ്റീന 02-02-1997 ൽ ജനിച്ചു. നേഴ്സിംഗ് പഠിക്കുന്നു.

**5. ഏലിയാമ്മ:** 21.1.1961 ൽ ജനിച്ചു. SSLC യും ടൈപ്പ് റൈറ്റിംഗും പഠിച്ച ശേഷം 1978 ഒക്ടോബർ മാസം 2-ാം തീയതി വിവാഹം നടത്തി. ഭർത്താവ് ജോസഫിനോടൊപ്പം ഏലിയാമ്മയും ബഹറിനിൽ താമസിക്കുന്നു. 2 ആൺമക്കൾ പോൾ, നിശാൽ.

## 3) ദേവസ്യാ

മൂശാരിയേട്ടുകുഞ്ഞേപ്പിന്റെ മക്കളിൽ 3-ാമനായ കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന ദേവസ്യാ തന്റെ വീതപ്രകാരം ലഭിച്ച മുതുകാട്ടോലിൽ പുരയിടത്തിൽ മാറി താമസിച്ചു. കച്ചവടവും കൃഷിയും ഉണ്ടായിരുന്ന അദ്ദേഹം പല ബിസിനസുകൾ ചെയ്തു എങ്കിലും കാര്യമായ നേട്ടം ഇല്ലാതിരുന്നതിനാൽ വിണ്ടും കൃഷിയിൽ തന്നെ വ്യാപൃതനായി. വെട്ടിമുകൾ ഇടവക കുന്നത്തേട്ട് ഔസേപ്പ് അന്നമകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. നല്ല വിശ്വാസവും ദൈവഭക്തിയും ഉള്ള ആളും അതിരമ്പുഴ കാരിസ് വനിലെ പ്രാർത്ഥനാ ഗ്രൂപ്പിൽ അംഗവുമായിരുന്നു. 1993 ആഗസ്റ്റുമാസം 10-ാം തീയതി ഉദരസംബന്ധമായ അസുഖം മൂലം കാരിത്താസ് ആശുപത്രിയിൽ നിര്യാതനായി. ദേവസ്യാ മറിയക്കുട്ടി ദമ്പതികൾക്കു 4 ആണും 4 പെണ്ണും മക്കളുണ്ട്.

| | | |
|---|---|---|
| 1. സെലീനാമ്മ | 2 ആലീസ് | 3 ബേബി |
| 4 കുര്യൻ | 5 ജസി | 6 മിനി |
| 7 ബാബു | 8 സാബു | |







മൂശാരിയേട്ട് (മുതുകാട്ടോലിൽ) കുഞ്ഞൂഞ്ഞും കുടുംബവും

**1 സെലീനാമ്മ :** വെട്ടിമുകൾ പള്ളി ഇടവക വള്ളോനാത്തിൽ തോമസ് വിവാഹം ചെയ്തു. സെലീനാമ്മയ്ക്ക് 3 ആൺ മക്കൾ. രണ്ടാമനായ ഫാ. വിനേഷ് കപ്പൂച്ചിൻ സഭയിലെ അംഗമാണ്. ഇപ്പോൾ ആസ്സാമിൽ സേവനമനുഷ്ഠിക്കുന്നു.

**2. ആലിസ്:** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പഠിച്ചു ഇപ്പോൾ ഇറ്റലിയിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്നു. ഭർത്താവ് കൈപ്പുഴ സ്വദേശി ജോണിയാണ്. അദ്ദേഹം ഡൽഹിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് 2 ആൺമക്കൾ.

**3 ബേബി:** സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബോംബെയിൽ പോയി മോട്ടോർ മെക്കാനിക്ക് പഠിച്ചു. കുറെ വർഷങ്ങൾ അവിടെ ജോലി ചെയ്തു. നിരന്തരമായ പരിശ്രമവും ദൈവാനുഗ്രഹവും മൂലം മസ്ക്കറ്റിൽ ഒരു ബ്രിട്ടീഷ് കമ്പനിയിൽ സോഫാ മെക്കാനിക്കായി ജോലി ചെയ്യുന്നു. 19.2.90 ൽ കുടമാളൂർപ്പള്ളി ഇടവക കണക്കഞ്ചേരിൽ വർക്കി-അന്ന മകൾ ക്ലാരമ്മയെ വിവാഹം ചെയ്തു. ഇവർക്ക് 3 മക്കൾ.



മൂശാരിയേട്ട് (മുതുകാട്ടോലിൽ) ബേബിയും കുടുംബവും

1. അനു - അനു സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തെള്ളകം വെളാങ്കണ്ണി മാതാ നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗ് പഠിക്കുന്നു.

2. അപ്പു (അജയ്)- 17.9.1999 ൽ ജനിച്ചു. 11-ാം ക്ലാസ്സിൽ പഠിക്കുന്നു.

3. അഭയ്- അഭയ് എന്ന ഉണ്ണി 30.12.2002 ൽ ജനിച്ചു. 7-ാം ക്ലാസ്സിൽ പഠിക്കുന്നു.

**4 കുര്യൻ:** കുഞ്ഞ് എന്ന് വിളിക്കുന്ന കുര്യൻ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബേക്കറി ജോലി പഠിച്ച് ഇപ്പോൾ സ്വന്തമായി ബിസിനസ് നടത്തുന്നു. ഏറ്റുമാനൂർ പഴയമ്പള്ളിൽ വീട്ടിൽ കൊച്ചുറാണിയെ വിവാഹം ചെയ്ത് നീണ്ടൂരിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകളുണ്ട്.

1. മരിയ-മരിയ ഇപ്പോൾ ബി.എസ്.സി നഴ്സിംഗ് പഠിക്കുന്നു.

**5. ജസ്സി:** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഡൽഹിയിൽപോയി സ്റ്റെനോ ഗ്രാഫി പാസ്സായി. ജസ്സി പഠനശേഷം ഡൽഹിയിലും സിംഗപ്പൂരിലും ജോലി ചെയ്യുകയും മാർത്താണ്ഡം സ്വദേശി കുമാറിനെ വിവാഹം ചെയ്തു. രണ്ടു പെൺമക്കളാണുള്ളത്.

**6. മിനി:** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അതിരമ്പുഴപള്ളി ഇടവക കാഞ്ഞിരത്തുങ്കൽ അപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൾ.

**7. ബാബു :** ഇരട്ടകളിൽ ഒന്നാമനായ ബാബു പഠനശേഷം ഡൽഹിയിലും ഗൾഫിലും ജോലി ചെയ്യുകയും ഏറ്റുമാനൂർ തേര

കത്തിനാകുഴി കുഞ്ഞ്-മോളി ദമ്പതികളുടെ മകൾ സലിമോളെ വിവാഹം ചെയ്ത് ഇപ്പോൾ വെട്ടിമുകൾ പള്ളിക്ക് സമീപം താമസിക്കുന്നു. മക്കൾ സെബിൻ 7-ാം ക്ലാസിലും ഷൈൻ 2-ാം ക്ലാസ്സിലും പഠിക്കുന്നു.

**8. സാബു :** ഇരട്ടകളിൽ രണ്ടാമനായ സാബു പഠനശേഷം ഡൽഹിയിലും ഗൾഫിലും ജോലി ചെയ്യുകയും ചലക്കുടി സ്വദേശി ചാക്കോ-മറിയം ദമ്പതികളുടെ മകൾ ഡാർലിയെ വിവാഹം ചെയ്ത് ഇപ്പോൾ കുടുംബവീട്ടിൽ അമ്മയോടൊപ്പം കഴിയുന്നു.

മക്കൾ ഷോൺ സാബു, ഡോൺ സാബു.

1. ഷോൺ സാബു - ഷോൺ 1-ാം ക്ലാസ്സിൽ പഠിക്കുന്നു.
2. ഡോൺ സാബു - ഡോൺ കുട്ടിയാണ്

**4) പൗലോസ്:** മൂശാരിയേട്ടു കുഞ്ഞേപ്പിന്റെ മക്കളിൽ നാലാമനായ പൈലോച്ചൻ എന്നു വിളിക്കുന്ന പൗലോസ് പള്ളം പവർഹൗസിൽ ലൈൻ അസിസ്റ്റന്റായി റിട്ടയർ ചെയ്തു. ഇപ്പോൾ പള്ളത്തു താമസിക്കുന്നു. ഉള്ളതുകൊണ്ടു സന്തോഷമായി കഴിയുക എന്ന വേദവാക്യം അദ്ദേഹത്തിന്റെ ജീവിതശൈലിയാണ്. ചെങ്ങളം കരയിൽ പുളിക്കപ്പറമ്പിൽ മോനി എന്നു വിളിക്കുന്ന അന്നമ്മയെ വിവാഹം ചെയ്തു. സഹപ്രവർത്തകർക്കും അയൽ വാസികൾക്കും എന്നും പൗലോസ് ചേട്ടൻ ഒരു മാതൃകയാണ്. എത്ര വൈഷമ്യങ്ങളുണ്ടെങ്കിലും പതിവായി കൃത്യസമയത്തുതന്നെ കുടുംബയോഗങ്ങളിൽ സംബന്ധിച്ചു തന്റെ എളിയ അഭിപ്രായങ്ങൾ നല്കി മറ്റ് അംഗങ്ങൾക്കു മാതൃക കാട്ടുന്നു. ഈ ദമ്പതികൾക്ക് ഒരാണും നാലു പെൺമക്കളുമുണ്ട്.



മൂശാരിയേട്ട് എം.പി. പൗലോസും കുടുംബവും (പള്ളം)

1. ഓമന 2. മോനിച്ചൻ 3. അശ്വതി 4. ആശ 5. അനു

**1. ഓമന :** B.Sc. വിദ്യാഭ്യാസത്തിനു ശേഷം കോട്ടയത്ത് ഒരു സ്വകാര്യ കമ്പനിയിൽ (സമീറ) യിൽ ക്ലാർക്ക് ആയി ജോലി ചെയ്യുന്നു. കുടമാളൂർ പള്ളി ഇടവക തുണ്ടിയിൽ പറമ്പിൽ തോമസിന്റെയും തങ്കമ്മയുടെയും മകൻ ബിജു വിവാഹം ചെയ്തു. ഓമനയ്ക്ക് 2 മക്കൾ.

**2. മോനിച്ചൻ :** മോനിച്ചൻ എന്നു വിളിക്കുന്ന ജോസഫ് BA വിദ്യാഭ്യാസത്തിനു ശേഷം ഇപ്പോൾ മസ്ക്കറ്റിൽ ജോലി ചെയ്യുന്നു. പന്നിമറ്റം പ്ലാമ്പറമ്പിൽ ചാക്കോ കുട്ടിയമ്മ മകൾ സുനുവാണ് ഭാര്യ. സുനു ടീച്ചർ ആണ്. ഇവർക്ക് ഒരാൺകുട്ടിയുണ്ട്.

1. ആശീൻ - ആശീൻ 8.10.1998 ൽ ജനിച്ചു. ഇപ്പോൾ 11-ാം ക്ലാസ്സിൽ പഠിക്കുന്നു.

3. അശ്വതി : അശ്വതി എന്നു വിളിക്കുന്ന ശോശാമ്മയെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം നട്ടാശ്ശേരി കാവുങ്കണ്ടത്തിൽ മത്തായി അന്ന മകൻ അനിൽ വിവാഹം ചെയ്തു. അനിൽ ഒരു ബിസ്സിനസ്സ് നടത്തുന്നു. ഇവർക്ക് 2 മക്കൾ.

4. ആശ : ആശ ഡിഗ്രി പാസ്സായി. ഇപ്പോൾ ഹെൽത്ത് സർവ്വീസിൽ ജോലി ചെയ്യുന്നു. ആശയെ പള്ളം സ്വദേശി പൂളിമൂട്ടിൽ വർഗീസ്-മറിയാമ്മ ദമ്പതികളുടെ മകൻ ലിജുവാണ് വിവാഹം ചെയ്തിരിക്കുന്നത്. ലിജു ഓട്ടോ മൊബൈൽ എക്വിപ്മെന്റ് വ്യാപാരിയാണ്. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്.

5. അനു: അനുവിനെ ഡിഗ്രി പഠനത്തിനു ശേഷം യാക്കോബായ സഭയിലെ വൈദികനായ ഫാ. ഷിബു വിവാഹം ചെയ്തു. ഷിബു വാഴൂർ സ്വദേശി വർഗീസ് - ഏലിയാമ്മ ദമ്പതികളുടെ മകനാണ്. ഇപ്പോൾ ഇടമറുകിൽ സേവനമുഷ്ഠിക്കുന്നു. അനു ടീച്ചറായി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ.

**5) വർക്കി :** മൂശാരിയേട്ടു കുഞ്ഞേപ്പിന്റെ മക്കളിൽ അഞ്ചാമനായ കുഞ്ഞുവർക്കി എന്നു വിളിക്കുന്ന വർക്കി കാരണവൻമാർ താമസിച്ചിരുന്ന മുതുകാട്ടേലിൽ പുരയിടത്തിലെ തറവാ

ട്ടിൽ താമസിക്കുന്നു. അദ്ദേഹം. നല്ല പരിശ്രമിയും അദ്ധ്വാനശീല നുമാണ്. കുടമാളൂർപള്ളി ഇടവക കൊത്തളത്തേൽ തോമസ്-ബ്രിജീത്ത മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്കു രണ്ട് ആണും നാലു പെണ്ണും മക്കളുണ്ട്.




മൂശാരിയേട്ട് (മുതുകാട്ടോലിൽ) വർക്കിയും ഭാര്യ ത്രേസ്യാമ്മയും

| | | |
|---|---|---|
| 1. എമിലി | 2. ബാബു | 3. ക്ലാരി |
| 4 ആനി | 5. തോമസ് | 6. അല്ലിക്കുട്ടി |

**1. എമിലി :** ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എമിലിയെ കരിമ്പാനിപള്ളി ഇടവക തൊട്ടിയിൽ മാത്യു വിവാഹം ചെയ്തു. ഇവർക്ക് 2 ആണും ഒരു പെണ്ണും മക്കളായുണ്ട്.

**2. ബാബു :** ബാബു എന്നു വിളിക്കുന്ന ജോസഫ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുടുംബകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുകയും അതോടൊപ്പം ഏറ്റുമാനൂർ ടൗണിലുള്ള ഗ്ലാസ്സ് കമ്പനിയിൽ ചേർന്നു പണികൾ പഠിക്കുകയും ചെയ്തു. ഇപ്പോൾ വള്ളിക്കാട്ടു ജംഗ്ഷനിൽ സ്വന്തമായി ബിസ്സിനസ്സ് നടത്തുന്നു. 1988 ആഗസ്റ്റുമാസം 29-ാം തീയതി അമ്മഞ്ചേരി കരയിൽ തൈമല വീട്ടിൽ മാത്യു മേരി മകൾ ഏലിയാമ്മ (മോളി) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു 3 ആൺമക്കൾ.
1. കിരൺ 2. റോജൻ 3. അരുൺ.



മൂശാരിയേട്ട് (മുതുകാട്ടോലിൽ) ബാബുവും കുടുംബവും

1. കിരൺ : 22.6.1991 ൽ ജനിച്ചു. പ്ലസ്ടുവിന് ശേഷം ഇലക്ട്രീഷ്യൻ കോഴ്സ് പാസ്സായി ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്നു.

2.റോജൻ (പോപ്പി) 9.9.2003ൽ ജനിച്ചു. ഇപ്പോൾ 7-ാം ക്ലാസ്സിൽ പഠിക്കുന്നു.

3.അരുൺ (പോളച്ചൻ) 3.4.2005ൽ ജനിച്ചു. ഇപ്പോൾ 5-ാം ക്ലാസ്സിൽ പഠിക്കുന്നു.

**3. ക്ലാരി:** കുഞ്ഞൂഞ്ഞമ്മ എന്നു വിളിക്കുന്ന ക്ലാരിയെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പാദുവാ കരയിൽ ആലയ്ക്കാമുറിയിൽ ആന്റണി-കത്രീനാ മകൻ ജോസ് വിവാഹം ചെയ്തു. 2പെണ്ണും ഒരാണും മക്കളായുണ്ട്.

**4. ആനി :** ആനി എന്നു വിളിക്കുന്ന റോസ്സമ്മ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഡൽഹിയിൽ നേഴ്സിംഗ് പഠിച്ച് ഇപ്പോൾ സിംഗപ്പൂരിൽ നേഴ്സായി ജോലി ചെയ്യുന്നു. വിവാഹം ചെയ്തു കുടുംബമായി അവിടെ താമസിക്കുന്നു. ഭർത്താവ് ചന്ദൻ മകൻ ഷെറിൻ (അപ്പു)

**5. തോമസ്-** മോഹച്ചൻ എന്നു വിളിക്കുന്ന തോമസ് പഠനത്തിനു ശേഷം ഇപ്പോൾ ഡൽഹിയിൽ ഒരു ഹോസ്പിറ്റലിൽ

ജോലി ചെയ്യുന്നു. മഞ്ഞാമറ്റം കൂട്ടിയാനിക്കൽ അബ്രാഹാം - ഏലി മകൾ മോളിയാണ് ഭാര്യ. മകൻ കെവിൻ (ഉണ്ണി) ഇപ്പോൾ 9-ാം ക്ലാസ്സിൽ പഠിക്കുന്നു. ഇവർ ഡൽഹിയിൽ താമസിക്കുന്നു.

**6. അല്ലിക്കുട്ടി :** അല്ലിക്കുട്ടി പഠനശേഷം ഡൽഹിയിൽ ജോലി ചെയ്തു. അതിനു ശേഷം കോലഞ്ചേരി കീരംകുഴിയിൽ ഐപ്പ് - സാറാമ്മ മകൻ മാത്യുസ് വിവാഹം ചെയ്ത് കോലഞ്ചേരിയിൽ താമസിക്കുന്നു. ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

**6) റോസമ്മ:** മൂശാരിയേട്ടു കുഞ്ഞേപ്പിന്റെ പെൺമക്കളിൽ മൂത്തയാളായ പെണ്ണ് എന്നു വിളിക്കുന്ന റോസമ്മയെ കൂടമാളൂർപള്ളി ഇടവക കാവനാട്ട് വർക്കി വിവാഹം ചെയ്തു. ഇടുക്കി ജില്ലയിൽ ഇരട്ടയാറിൽ ശാന്തിഗ്രാം എന്ന സ്ഥലത്തു താമസിക്കുമ്പോൾ പെട്ടെന്നുണ്ടായ അസുഖം മൂലം 1995 ൽ നിര്യാതയായി. ഇവർക്ക് 3 ആണും 3 പെണ്ണും മക്കളായുണ്ട്.

**7) മാമ്മി :**

കുഞ്ഞേപ്പിന്റെ ഇളയമകൾ മാമ്മിയെ വെട്ടിമുകൾ ഇടവക കല്ലുവെട്ടുകുഴി ജോൺ വിവാഹം ചെയ്തു. നല്ല പരിശ്രമിയും അദ്ധ്വാനശീലനുമായ ജോൺ കൃഷിയിടങ്ങൾ വിപുലീകരിക്കുന്നതിനു നിലമ്പൂർ കരിവാരുകുണ്ട് എന്ന സ്ഥലത്തു സ്ഥിരതാമസമാക്കി. ഇവർക്ക് മൂന്നാണും ഒരു പെണ്ണും മക്കളായുണ്ട്.

## 6. അന്നമ്മ

മൂശാരിയേട്ട് തോമ്മാക്കാരണവരുടെ ഇളയമകൾ കൊച്ചുപെണ്ണ് എന്നു വിളിച്ചുവന്ന അന്നമ്മയെ പരിപ്പുകരയിൽ വട്ടത്തിൽ ഔത വിവാഹം ചെയ്തു. 5 പെൺമക്കൾ മാത്രമുണ്ടായിരുന്ന ഔതയും കൊച്ചുപെണ്ണും കോഴിക്കോട്ടു ജില്ലയിൽ തിരുവമ്പാടി എന്ന സ്ഥലത്തുവെച്ച് നിര്യാതരായി.

## 7. തോമ്മാ

മൂശാരിയേട്ടു തോമ്മാക്കാരണവരുടെ ഇളയമകനായ തോമ്മാച്ചൻ മാതാപിതാക്കളോടൊത്തു മൂശാരിയേട്ടു തറവാട്ടിൽ താമസിച്ചു. കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞ അദ്ദേഹത്തിനു കൃഷിയിൽ നിന്നു കിട്ടിയിരുന്ന തുച്ഛമായ വരുമാനം കൊണ്ടു കുടുംബച്ചെലവുകളും ബന്ധുന്യായങ്ങളും നടത്തുന്നതിനു വളരെ ബുദ്ധി

മുട്ടായിരുന്നു. നല്ലൊരു ദൈവഭക്തനായിരുന്ന അദ്ദേഹം സന്ധ്യാ പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുകയും സാദ്ധ്യമായ ദിവസങ്ങളിലെല്ലാം പള്ളിയിൽ പോയി ദിവ്യബലിയിൽ സംബന്ധിക്കുകയും ചെയ്തിരുന്നു. വയലാ കരയിൽ ഊന്നുകല്ലേൽ ഔസേഫ്-അന്ന മകൾ മറിയത്തെ വിവാഹം ചെയ്തു. തോമസ് വാർദ്ധക്യസഹജമായ അസുഖം മൂലം 1976 മാർച്ചുമാസം 22-ാം തീയതി നിര്യാതനായി. മറിയം 1996 ഫെബ്രുവരി 3-ാം തിയതി നിര്യാതയായി. ഇരുവരെയും കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് 4 ആണും 4 പെൺമക്കളുമുണ്ട്.



മൂശാരിയേട്ട് തോമ്മായും ഭാര്യ മറിയവും

| | | |
|---|---|---|
| 1. റോസമ്മ | 2. അന്നക്കുട്ടി | 3. തോമസ് |
| 4. ജോസഫ് | 5. ഫാ.പോൾ | 6. ത്രേസ്യാമ്മ |
| 7. സി.ക്ലാരമ്മ | 8. സെബാസ്റ്റ്യൻ | |

**1. റോസമ്മ:** പെണ്ണ് എന്നു വിളിക്കുന്ന റോസമ്മ 1931 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മരങ്ങോലിപ്പള്ളി ഇടവക മലയിൽപുത്തൻപുര ഔസേഫ്-അന്ന മകൻ പാപ്പച്ചൻ എന്നു വിളിക്കുന്ന ഉലഹന്നൻ വിവാഹം ചെയ്തു. പാപ്പച്ചൻ 2012 ലും റോസമ്മ 29.07.2014 ലും നിര്യാതരായി. ഇരുവരെയും മരങ്ങോലി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇവർക്ക് 4 ആണും 4 പെണ്ണും മക്കളായുണ്ട്.

**2. അന്നക്കുട്ടി :** അന്നക്കുട്ടി 1933ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൂടല്ലൂർ ആരാധനമഠത്തിലെ സിസ്റ്റേഴ്സിൽ നിന്നു കൈത്തയ്യൽ വശമാക്കി. ഇടമറ്റം പള്ളി ഇടവക മുണ്ടാട്ടുചുണ്ടയിൽ (കാരിക്കൊമ്പിൽ) വർക്കി-മറിയം മകൻ തോമസ് വിവാഹം ചെയ്തു. ഇപ്പോൾ കട്ടപ്പനയ്ക്ക് അടുത്ത് കൽത്തൊട്ടി എന്ന സ്ഥലത്തു താമസിക്കുന്നു. 1989 ജൂലൈ മാസം 31-ാം തീയതി ഭർത്താവ് തോമസും 2002 മെയ് 12-ാം തീയതി അന്നക്കുട്ടിയും നിര്യാതരായി. ഇരുവരെയും കൽത്തൊട്ടി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇവർക്ക് 5 ആൺ മക്കൾ ഉണ്ട്. അതിൽ ഒരു മകൻ നിര്യാതനായി.

**3. തോമസ്:** തൊമ്മച്ചൻ എന്നു വിളിക്കുന്ന തോമസ് 1935 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. കടപ്പൂരു കുരിശുപള്ളി പണിയുന്നതിനും, കടപ്പൂരുമായി ബന്ധപ്പെട്ട പല റോഡുകളുടെയും നിർമ്മാണത്തിനും സജീവമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. സ്വന്തമോ ബന്ധമോ നോക്കാതെ, തന്റെ ആരോഗ്യസ്ഥിതിയെ വകവയ്ക്കാതെ മറ്റുള്ളവർക്കു ശാരീരിക സഹായ സഹകരണങ്ങൾ ചെയ്യുന്നതിൽ താൽപര്യം കാണിച്ചിരുന്നു. 1960 ഏപ്രിൽ മാസം 11-ാം തീയതി അതിരമ്പുഴപ്പള്ളി ഇടവക കുറ്റാരപ്പള്ളിൽ പൈലോ-അന്ന മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. തന്റെ വീതപ്രാകാരം ലഭിച്ച മൂശാരിയേട്ടു കാരിക്കാമറ്റം പുരയിടത്തിൽ മാറിത്താമസിക്കുന്നു. ഭാര്യ ത്രേസ്യാമ്മ 2009 ഡിസംബർ മാസം 20-ാം നിര്യാതയായി, കൂടല്ലൂർ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇവർക്ക് 3 ആണും 2 പെണ്ണും മക്കളുണ്ട്.



മൂശാരിയേട്ട് എം.ടി. തോമസും കുടുംബവും

1. തോമസ് 2. പോൾ 3. ജോസഫ് 4. മേരി 5. അന്നമ്മ

**1. തോമസ്:** സാബു എന്നു വിളിക്കുന്ന തോമസ് 1963 ഫെബ്രുവരി മാസം 20-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്നു.സാബു രാഷ്ട്രീയ സാമുദായിക മേഖലകളിലും സജീവമായി പ്രവർത്തിക്കുന്നു. 1999 ഏപ്രിൽ മാസം 8ാം തീയതി അയർക്കുന്നം പള്ളി ഇടവക വയലിൽ സ്കറിയ - മേരി ദമ്പതികളുടെ മകൾ (റോസ) ജെസ്സിയെ വിവാഹം ചെയ്തു. ജെസ്സി കോട്ടയം എക്സെല്ഷ്യർ സ്കൂളിൽ ടീച്ചറായി ജോലി ചെയ്യുന്നു. വീതപ്രകാരം ലഭിച്ച മൂശാരിയേട്ട് പുരയിടത്തിൽ മാറി താമസിക്കുന്നു. ഇവർക്ക് ഒരു മകൾ.



മൂശാരിയേട്ട് സാബുവും കുടുംബവും

1. ട്രീസാ മരിയ സാബു - ട്രീസാ മരിയ എന്നു വിളിക്കുന്ന തെരേസ 2000 നവംബർ മാസം 28-ാം തീയതി ജനിച്ചു. ഇപ്പോൾ മംഗളാരാം ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്നു.

2. **പോൾ :** സജി എന്നു വിളിക്കുന്ന പോൾ 1967 ഫെബ്രുവരി മാസം 3-ാം തീയതി ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം മദ്രാസിൽ ITI യിൽ ചേർന്നു (ടർണർ ഗ്രേഡ്) പഠിച്ചു പാസ്സായ ശേഷം അവിടെ ഒരു കമ്പനിയിൽ ഒരു വർഷം അപ്രന്റീസായി സേവനം നടത്തി. പിന്നീടു രണ്ടുവർഷക്കാലം ഒറീസയിൽ ഒരു കമ്പനിയിൽ സ്റ്റോർ കീപ്പറായി ജോലി ചെയ്തു. പോൾ (സ

ജി) 2001 നവംബർ മാസം 26–ാം തീയതി നമ്പ്യാകുളം ഇടവക നെടിയകാലായിൽ കുര്യാക്കോസ്-അന്നമ്മ ദമ്പതികളുടെ മകൾ അന്നമ്മ (ഗ്രേസി)യെ വിവാഹം ചെയ്തു. വീത പ്രകാരം ലഭിച്ച മൂശാരിയേട്ട് പുരയിടത്തിൽ മാറി താമസിക്കുന്നു. ഇവർക്ക് ഒരു മകൾ.



മൂശാരിയേട്ട് സജിയും കുടുംബവും

1. നേഹ : നേഹ എന്നു വിളിക്കുന്ന ത്രേസ്യാ 2004 മാർച്ച് മാസം 29–ാം തീയതി ജനിച്ചു. ഇപ്പോൾ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ, വെട്ടിമുകൾ 7–ാം ക്ലാസ്സിൽ പഠിക്കുന്നു.

**3. ജോസഫ്:** സജോയി എന്നു വിളിക്കുന്ന ജോസഫ് 1969 ഏപ്രിൽ മാസം 20–ാം തീയതി ജനിച്ചു. പ്രീഡിഗ്രിയും ടൈപ്പ്റൈറ്റിംഗും പഠിച്ച ശേഷം ആലുവായിൽ ബ്രദേഴ്സ് സഭയിൽ ചേർന്നു. ഒരു വർഷം അവിടെ പഠനം നടത്തി ഒരു വർഷത്തിനുശേഷം തിരികെപ്പോന്നു. കുറച്ചുകാലം ബോംബെയിൽ കോൺട്രാക്റ്റ് എടുത്തു പ്ലംബർജോലി നടത്തി. ഇപ്പോൾ പിതാവ് തോമസിനൊപ്പം തറവാട്ടിൽ താമസിക്കുന്നു. 2005 സെപ്റ്റംബർ 17–ാം തീയതി വെള്ളത്തൂവൽ ഇടവക പി. വി. പൈലി – എലിസബത്ത് മകൾ ജിജിയെ വിവാഹം ചെയ്തു. സജോയി – ജിജി ദമ്പതികൾക്ക് രണ്ടാണും ഒരു പെണ്ണും മക്കളായുണ്ട്.



മൂശാരിയേട്ട് സജോയിയും കുടുംബവും പിതാവ് തോമസിനോടൊപ്പം

1. സാവിയോ : സജോയിയുടെ മൂത്ത പുത്രൻ സാവിയോ എന്ന തോമസ് 2006 ജൂൺ 17-ാം തീയതി ജനിച്ചു. ഇപ്പോൾ മേരിമാതാ പബ്ലിക്ക് സ്കൂൾ, കടപ്ലാമറ്റത്ത് 4-ാംക്ലാസ്സിൽ പഠിക്കുന്നു.

2. സാനിയ : സജോയിയുടെ മകൾ സാനിയ എന്നു വിളിക്കുന്ന ത്രേസി 2009 ജൂലൈ മാസം 7ാം തീയതി ജനിച്ചു. കൂടല്ലൂർ സെന്റ് ആന്റണീസ് എൽ.പി സ്കളിൽ 1-ാം ക്ളാസിൽ പഠിക്കുന്നു.

3. സാൽവിൻ : സജോയിയുടെ രണ്ടാമത്തെ മകൻ സാൽവിൻ എന്ന പോൾ 2012 ഒക്ടോബർ 11-ാം തീയതി ജനിച്ചു.

**4. മേരി :** സജിനി എന്നുവിളിക്കുന്ന മേരി 1977 ഫെബ്രുവരി മാസം 28-ാം തീയതി ജനിച്ചു. അമലഗിരി കോളേജിൽ നിന്നു പ്രീഡിഗ്രി പഠനത്തിനും നഴ്സിംങ്ങ് പഠനത്തിനും ശേഷം ബോംബെ നാനാവതി ആശുപത്രിയിൽ ജോലിയിൽ ഇരിക്കേ 2005 ജനുവരി മാസം 27-ാം തീയതി പൊങ്കന്താനം കരയിൽ മുരണി പറമ്പിൽ തോമസ് - കത്രിനാ ദമ്പതികളുടെ മകൻ സോജൻ എന്നു വിളിക്കുന്ന (ജോബ്) വിവാഹം ചെയ്തു. ഇവർക്ക് ഒരു ആണും ഒരു പെണ്ണും മക്കളായുണ്ട്.

**5. അന്നമ്മ :** സജീനാ എന്നു വിളിക്കുന്ന അന്നമ്മ 1979 ഏപ്രിൽ 21-ാം തീയതി ജനിച്ചു. കടപ്പൂരു ഗവ. ഹയർസെക്കന്ററി സ്കൂളിൽ നിന്ന് SSLC ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. സജീനാ PDC വിദ്യാഭ്യാസത്തിനുശേഷം ചെന്നൈയിലുള്ള സെന്റ് ഇസബെല്ല ആശുപത്രിയിൽ നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി. സൗദിയിൽ സ്റ്റാഫ് നഴ്സായി ജോലിയിൽ ഇരിക്കേ 2007 ആഗസ്റ്റ് 29 -ാം തീയതി പൈക പള്ളി ഇടവക നരിതൂക്കിൽ ടോം-വൽസമ്മ ദമ്പതികളുടെ മകൻ ബെന്നി എന്നു വിളിക്കുന്ന തോമസിനെ വിവാഹം ചെയ്തു. ഒരു മകൾ ഉണ്ട്.

### 4) ജോസഫ്

തോമ്മായുടെ രണ്ടാമത്തെ പുത്രനായ കൊച്ചേപ്പ് എന്നു വിളിക്കുന്ന ജോസഫ് 1938ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു. കടപ്ലാമറ്റം പള്ളി ഇടവക മാറിടം കരയിൽ ഓടാനിയേൽ അവിരാ - അന്നമ്മ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. തന്റെ വീതപ്രകാരം ലഭിച്ച മൂശാരിയേട്ട് പുരയിടത്തിൽ മാറി താമസിക്കുന്നു. ഈ ദമ്പതികൾക്കു 2 ആണും 3 പെണ്ണും മക്കളായുണ്ട്.



മൂശാരിയേട്ട് എം.ടി. ജോസഫും കുടുംബവും


1. മേരി 2. തോമസ് 3. ക്ലാര 4. അബ്രഹാം 5. അന്നമ്മ

**1. മേരി :** മോളി എന്നു വിളിക്കുന്ന മേരി 5.10.1964ൽ ജനിച്ചു. കടപ്പൂരു ഗവ. ഹൈസ്കൂളിൽ നിന്ന് SSLC യും BK കോളേജ് അമലഗിരിയിൽ നിന്ന് PDC യും ഫസ്റ്റ് ക്ലാസ്സോടുകൂടി പാസ്സായി. തുടർന്നു ബോംബെ നായർ ഹോസ്പിറ്റലിൽ ചേർന്നു നേഴ്സിംഗ് വിദ്യാഭ്യാസം ഉന്നതനിലവാരത്തിൽ പൂർത്തിയാക്കി. ഒരു വർഷം അവിടെ ജോലി ചെയ്തു. അവിടെ നിന്നു സൗദി അറേബ്യയിൽ

അബ്ബാ എന്ന സ്ഥലത്തു സ്റ്റാഫ്നേഴ്സായി ജോലി ചെയ്തു. 1991 സെപ്റ്റംബർ മാസം 9-ാം തീയതി കടപ്പൂരു മാളിയേക്കൽ കുര്യൻ-മറിയക്കുട്ടി മകൻ ജോണി മോളിയെ വിവാഹം ചെയ്തു. ഇപ്പോൾ കുടുംബസമേതം ഇംഗ്ലണ്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് പെൺമക്കൾ.

## 2. തോമസ് (സിബി)

സിബി എന്നു വിളിക്കുന്ന തോമസ് 24.04.1969ൽ ജനിച്ചു. കടപ്പൂര് ഗവൺമെന്റ് ഹൈസ്കൂളിൽ നിന്ന് SSLC യും പാലാ സെന്റ് തോമസ് കോളജിൽ നിന്നും പ്രീഡിഗ്രിയും മൂംബൈയിലെ ഫാദർ ആഗനൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ITI എയർകണ്ടീഷൻ ട്രേഡും പാസ്സായി. തുടർന്ന് മൂംബൈ, ദുബായ് എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1998 നവംബർ 26ന് അയർക്കുന്നം ഇടവക കുന്നേൽ ജോസഫ് -റോസ ദമ്പതികളുടെ മകൾ ഷാജിമോളെ വിവാഹം ചെയ്തു. ഷാജിമേൾ നഴ്സ് ആണ്. ഇവർ ഇപ്പോൾ കുടുംബസമേതം ഇംഗ്ലണ്ടിൽ താമസിക്കുന്നു. ഇവർക്ക് 1 പുത്രനും 1 പുത്രിയുമുണ്ട്.



മൂശാരിയേട്ട് സിബിയും കുടുംബവും

1. ജഫിൻ 2 നമിത

1. ജഫിൻ 02.04.2001 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു.

2. നമിത 18.03.2006 ൽ ജനിച്ചു. സ്കൂൾ വിദ്യാർത്ഥിനിയാണ്.

### 3. ക്ലാര (സിനി)

സിനി എന്നു വിളിക്കുന്ന ക്ലാര 21.17.1972 ൽ ജനിച്ചു. നഴ്സിംഗ് പഠനത്തിനു ശേഷം 2000 മെയ് 24ന് വെട്ടിമുകൾ ഇടവക ഈഴത്താനം കുഴിയിൽ ദേവസ്യാ – മറിയക്കുട്ടി ദമ്പതികളുടെ മകൻ ബിജുവിനെ വിവാഹം ചെയ്തു. ഇവർ കുടുംബസമേതം ഇംഗ്ലണ്ടിൽ താമസിക്കുന്നു. ഇവർക്ക് 2 ആണും 1 പെണ്ണും മക്കളുണ്ട്.

**4 അബ്രഹാം (സിജു)**: സിജു എന്നു വിളിക്കുന്ന അബ്രാഹം 25-09-1975 ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിന് ശേഷം മുംബെയിൽ ഒരു സ്വകാര്യ കമ്പനിയിൽ 7 വർഷം അക്കൗണ്ടന്റ് ആയി ജോലി ചെയ്തു 2004 മുതൽ കോട്ടയത്തുള്ള പോപ്പുലർ ഹ്യൂണ്ടായ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 2006 മെയ് 8-ാം തീയതി അയർക്കുന്നം ഇടവക കോണിക്കൽ ഉലഹന്നാൻ-അന്നമ്മ ദമ്പതികളുടെ മകൾ സുമിയെ വിവാഹം ചെയ്തു. സുമി MA BEd ബിരുദധാരിയാണ്. ഇപ്പോൾ ഏറ്റുമാനൂരുള്ള SFS സ്കൂളിൽ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് 1 ആണും 1 പെണ്ണും മക്കളായുണ്ട്.



മൂശാരിയേട്ട് സിജുവും കുടുംബവും പിതാവ് എം.ടി. ജോസഫിനോടും മാതാവ് ഏലിക്കുട്ടിയോടുമൊപ്പം

1. എലിസബത്ത്		2. ജോസഫ്

1. എലിസബത്ത് : എൽജ എന്നു വിളിക്കുന്ന എലിസബത്ത് 16.07.2007 ൽ ജനിച്ചു. ഏറ്റുമാനൂർ S.F.S. പബ്ലിക്ക് സ്കൂളിൽ പഠിക്കുന്നു.

2. ജോസഫ് : ജോസ്‌വിൻ എന്നു വിളിക്കുന്ന ജോസഫ് 22.02.2010 ൽ ജനിച്ചു. ഏറ്റുമാനൂർ S.F.S. പബ്ലിക്ക് സ്കൂളിൽ പഠിക്കുന്നു.

**5. അന്നമ്മ (സിജി)**

സിജി 17-05-1978 ൽ ജനിച്ചു. നഴ്സിംഗ് പഠനം പൂർത്തിയാക്കി. 2007 സെപ്റ്റംബർ 27ന് നെടുംകുന്നം ഞാലിപ്പറമ്പിൽ ജോർജ്ജ്-എൽസമ്മ ദമ്പതികളുടെ മകൻ അരുൺ സിജിയെ വിവാഹം ചെയ്തു. ഇവർ കുടുംബസമേതം ഇംഗ്ലണ്ടിൽ. ഇവർക്ക് 3 കുട്ടികൾ.

## 5) ഫാ. പോൾ



ഫാ. പോൾ മൂശാരിയേട്ട്

മൂശാരിയേട്ടു തോമ്മാച്ചന്റെ മൂന്നാമത്തെ പുത്രനായ പൈലോച്ചൻ എന്നു വിളിക്കുന്ന ഫാ. പോൾ 29.9.1940 ൽ ജനിച്ചു. കടപ്പൂരു ഗവ. യു.പി. സ്കൂൾ, കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം നടത്തി. 1959 മാർച്ച് മാസത്തിൽ SSLC പാസ്സായി. ഭരണങ്ങാനത്തുള്ള ഫാ. ജോർജ്ജ് മാത്യു പാലക്കാട്ടുകുന്നേലിന്റെ സഹായത്താൽ 1959 ൽ മദ്രാസ് മൈലാപ്പൂർ സെമിനാരിയിൽ ചേർന്ന് വൈദി



ഫാ. പോൾ മൂശാരിയേട്ടിന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് എടുത്ത ഫോട്ടോ (1995)

കപഠനം നടത്തി. പത്തു വർഷത്തെ പഠനത്തിനുശേഷം 1970 ൽ മൈലാപ്പൂരിൽ വി. തോമ്മാശ്ലീഹായുടെ കത്തീഡ്രൽ ബസലിക്കയിൽ വച്ച് അഭിവന്ദ്യ ഡോ. അരുളപ്പാ ഡി.ഡി. തിരുമേനിയിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. അതിനുശേഷം ഇടവക ദേവാലയമായ കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിൽ പരേതനായ ബ. മൂശാരിയേട്ടു സെബാസ്റ്റ്യനച്ചന്റെ നേതൃത്വത്തിൽ പ്രഥമ ദിവ്യബലിയർപ്പണം നടത്തി.

ആദ്യമായി മദ്രാസിൽ കീൽപ്പാക്കിലുള്ള വിശുദ്ധ വിമല ഹൃദയത്തിന്റെ നേർച്ചപ്പള്ളിയിൽ അസി. വികാരിയായി 1971 ജൂൺ മാസം മുതൽ 1977 ജൂലൈ വരെ സേവനം അനുഷ്ഠിച്ചു. അക്കാലത്ത് മദ്രാസ് ലയോള കോളേജിൽ ചേർന്ന് M.A. ലിറ്ററേച്ചർ ബിരുദം നേടി. പിന്നീടു വേളാച്ചേരിൽ നിത്യസഹായമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ 1977 മുതൽ 1983 വരെ സേവനം അനുഷ്ഠിച്ചു. തുടർന്നു വാഷർമാൻപെട്ട് എന്ന സ്ഥലത്തു കല്ലറ കോയിൽ എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ റോക്കിസിന്റെ നാമത്തിലുള്ള പള്ളിയിൽ 1983 മുതൽ 1992 വരെ സേവനം ചെയ്തു. 1992 മുതൽ വിശുദ്ധ തോമ്മാശ്ലീഹായുടെ രഹസ്യജീവിതസ്ഥലവും തീർത്ഥാടനകേന്ദ്രവുമായ ചിന്നമലയിലുള്ള ആരോഗ്യമാതാവിന്റെ പള്ളിയിലും സേവനം ചെയ്തു. തിരക്കേറിയ സേവനങ്ങൾക്കിടയിലും കുടുംബാംഗങ്ങളുടെ അത്യാവശ്യച്ചടങ്ങുകളിൽ സംബന്ധിക്കുവാൻ പ്രത്യേക താൽപര്യം കാണിക്കുകയും കുടുംബകൂട്ടായ്മക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പൗരോഹിത്യത്തിന്റെ രജതജൂബിലി 23.5.1995 ൽ സ്വന്തം ഇടവകയായ കൂടല്ലൂർപള്ളിയിൽവച്ച് ആഘോഷിക്കുകയും കുടുംബാംഗങ്ങളായ വൈദികരോടൊപ്പം സമൂഹബലി അർപ്പിച്ച് ദൈവത്തിനു നന്ദി പറയുകയും ചെയ്തു. 44 വർഷത്തെ ഇടവക ഭരണത്തിന് ശേഷം മദ്രാസിൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്നു.

### 6) ത്രേസ്യാമ്മ

തെയ്യാമ്മ എന്നു വിളിക്കുന്ന ത്രേസ്യാമ്മ 1943 ൽ ജനിച്ചു. കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് SSLC പാസ്സായ ശേഷം ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ രണ്ടു വർഷം ജോലി ചെയ്തു. 1966 ൽ തെള്ളകം കരയിൽ പുത്തൻകാലായിൽ പൈലോ-റോസ്സ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഇപ്പോൾ

ഇളംകാട് എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് രണ്ടു മക്കൾ. ഒരു ആണും ഒരു പെണ്ണും. മകൾ (റെനി) ക്ലൂണി സന്ന്യാസിസഭയിൽ സേവനം അനുഷ്ഠിക്കുന്നു. സെബാസ്റ്റ്യൻ 08.05.2015 ൽ നിര്യാതനായി.

## 7) സിസ്റ്റർ ക്ലാരമ്മ

1946 ൽ ജനിച്ചു. കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് SSLC വിദ്യാഭ്യാസത്തിനുശേഷം വീട്ടുജോലികളിൽ മാതാപിതാക്കളെ സഹായിച്ചു. 1970 ൽ മല്ലപ്പള്ളിക്കടുത്ത് കുന്നന്താനത്തുള്ള സന്യാസസഭയിൽ ചേർന്നു. അവിടെ നിന്നും വ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തി. ബിഷപ്പിന്റെ അംഗീകാരമില്ലാതിരുന്ന ഒരു സന്ന്യാസ ആശ്രമമായിരുന്നു അത്. അതിനാൽ അവിടെ നിന്ന് 1980 മാർച്ചുമാസം 20-ാം തീയതി മുതൽ ഒറീസായിലുള്ള മരിയദാസിസഭയിൽ ചേർന്നു (HAND MAIDS OF MARY) സേവനം നടത്തുന്നു. കുഷ്ഠരോഗികളെയും അഗതികളെയും ശുശ്രൂഷിക്കലാണ് പ്രധാന സേവനം. ഒറീസയിൽ വച്ച് കുഷ്ഠരോഗ ശുശ്രൂഷാ കോഴ്സ് പാസ്സായി. കേരളത്തിൽ തിരുവനന്തപുരത്തും മണിമലയിലും സഭാസ്ഥാപനങ്ങൾ ഉണ്ട്. ഇപ്പോൾ ഒറീസായിൽ ഉള്ള ജർസുഗുടാ മഠത്തിൽ സേവനം അനുഷ്ഠിക്കുന്നു.

## 8) സെബാസ്റ്റ്യൻ

മൂശാരിയേട്ട് തോമാച്ചന്റെ ഇളയപുത്രനായ ദേവസ്യാച്ചൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 15.7.52ൽ ജനിച്ചു. കടപ്പൂരു ഗവ. ഹൈസ്കൂളിൽ നിന്ന് SSLC പാസ്സായി 1976 ഒക്ടോബർമാസം 7-ാം തീയതി കൂടല്ലൂർപള്ളി ഇടവക ആലപ്പൻ തട്ടേൽ ഉലഹന്നൻ-റോസ്സ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. 1977 ജനുവരി മാസത്തിൽ കാണക്കാരി സർവ്വീസ് സഹകരണ ബാങ്കിൽ ജോലി ലഭിച്ചു. കോട്ടയത്തുള്ള സഹകരണ വിദ്യാഭ്യാസ കേന്ദ്രത്തിൽനിന്നു സഹകരണ ജൂണിയർ ഡിപ്ലോമാ കോഴ്സ് (JDC) പാസ്സായി. ബാങ്കിന്റെ വെമ്പള്ളി ബ്രാഞ്ചിൽ ജോലി ചെയ്യവെ 13-06-2000 ത്തിൽ രാജസ്ഥാനിൽ വാഹനാപകടത്തിൽ നിര്യാതനായി. കൂടല്ലൂർ പള്ളി സെമിത്തേരിയിൽ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. സെബാസ്റ്റ്യൻ ത്രേസ്യാമ്മ ദമ്പതികൾക്ക് 1 ആണും 2 പെൺമക്കളുമുണ്ട്. സെബാസ്റ്റസ്റ്റൻ മൂശാരിയേട്ട് കുടുംബയോഗത്തിന്റെ സ്ഥാപക ജോയിന്റ് സെക്രട്ടറിയായിരുന്നു.



മൂശാരിയേട്ട് എം. ടി. സെബാസ്റ്റ്യനും കുടുംബവും മാതാവ് മറിയത്തോടൊപ്പം

**1. മേരി** – നിഷ എന്നു വിളിക്കുന്ന മേരി 9.8.1977 ൽ ജനിച്ചു. വെട്ടിമുകൾ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂളിൽ നിന്ന് SSLC യും ഏറ്റുമാനൂർ വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നു VHSE യും, മദ്രാസിൽ ദേവകി ഹോസ്പിറ്റലിൽ നിന്ന് നഴ്സിംഗും പാസ്സായി. ഇപ്പോൾ സൗദിയിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. 7.6.2003ൽ കോട്ടയ്ക്കുപുറത്ത് ഇടവക പേമല യിൽ ജോസഫ്– അന്നമ്മ ദമ്പതികളുടെ മകൻ ജോയിയെ വിവാഹം ചെയ്തു. ഇവർക്ക് 1 ആണും 1 പെണ്ണും മക്കളുണ്ട്.

**2. തോമസ്** – ജിജോ എന്നു വിളിക്കുന്ന തോമസ് 6.9.1979 ൽ ജനിച്ചു.പിതാവിന്റെ നിര്യാണം മൂലം വന്ന ഒഴിവിൽ കാണക്കാരി സർവ്വീസ് സഹകരണബാങ്കിൽ ജോലിചെയ്യുന്നു. 8.5.2008ൽ ഏന്തയാർ സെന്റ് മേരിസ് പള്ളി ഇടവക വടക്കേൽ സെബാസ്റ്റ്യൻ ത്രേസ്യാമ്മ ദമ്പതികളുടെ മകൾ (മരിയ) സിൽവിയെ വിവാഹം ചെയ്തു. സിൽവി നഴ്സാണ്. മൂശാരിയേട്ട് തറവാട്ടുവീട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് 3 ആൺമക്കളുണ്ട്.



മൂശാരിയേട്ട് ജിജോയും കുടുംബവും മാതാവ് ത്രേസ്യാമ്മയോടും ഫാ. പോൾ മൂശാരിയേട്ടിനോടും സി. ക്ലാരമ്മയോടുമൊപ്പം

1. ജെസ്വിൻ 2. ഗോഡ്വിൻ 3. ഗോഡ്സൺ

1. ജെസ്വിൻ എന്ന സെബാസ്റ്റ്യൻ 21.8.2009ൽ ജനിച്ചു. കട്ടച്ചിറ മേരിമൗണ്ട് സ്കൂളിൽ 1–ാം ക്ലാസിൽ പഠിക്കുന്നു.

2. ഗോഡ്വിൻ 31.7.2013ൽ ജനിച്ചു

3. ഗോഡ്സൺ 5.8.2014ൽ ജനിച്ചു.

**3. റോസമ്മ :** ജിൻസി എന്നു വിളിക്കുന്ന റോസമ്മ 31.3.1981 ൽ ജനിച്ചു. ജിൻസിയെ പഠനശേഷം 16.5.2005ൽ കാഞ്ഞിരമറ്റം പള്ളി ഇടവക നെടും തകടിയേൽ ഇമ്മാനുവൽ എൽസമ്മ ദമ്പതികളുടെ മകൻ ഷിന്റോ വിവാഹം ചെയ്തു. ഇവർക്ക് 1 ആണും 1 പെണ്ണും മക്കളായുണ്ട്.